കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail: ddlfakkd@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പി12/1777/17

കേരള സംസ്ഥാന
ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട്
ഫോൺ: 04952371012
Email- dokkd.ksad@kerala.gov.in

തീയതി: 14.09.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തലകുളത്തൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തലകുളത്തൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

***********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലകുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയ്ക്കും ഭാഗം 3ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.കെ.ഡി- പി12/1777/2017 തിയ്യതി:14.09.2017

# കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-2017സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തലകുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1-4-16മുതൽ 31.3.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | വിനോദ് ശ്രീധർ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.08.2017 മുതൽ29.08.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ. ബാലസുബ്രഹ്മണ്യൻ.എ.കെ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഉണ്ണികൃഷ്ണൻ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ദിശ.ആർ.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.അഫ്സൽ.ടി.എം | ഓഡിറ്റർ |

| | |
|---|---|

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. സി.പ്രകാശൻ | 1.4.2016 മുതൽ 31.3.2017വരെ |
| സെക്രട്ടറി | ശ്രീ . സി. ശിവാനന്ദൻ നായർ | 1.4.2016 മുതൽ 31.5.2016വരെ |
| | ശ്രീ . ഷിബിൻ.കെ.കെ,അസി. സെക്രട്ടറി (സെക്രട്ടറി ഇൻചാർജ്ജ്) | 1.6.2016 മുതൽ 20.7.2016വരെ |
| | ശ്രീ .ദീപുരാജ്ജ | 20.7.2016 മുതൽ 31.3.2017വരെ |

നിർവഹണോദ്യോഗസ്ഥൻ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഷിബിൻ.കെ.കെ | 1.4.2015മുതൽ 16.8.2016വരെ 11.11.16മുതൽ 31.3.17വരെ |
| | ശ്രീമതി.രമണി.ടി.പി | 17.8.16മുതൽ 11.11.2016വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.അശ്വതി.ബി | 1.4.2015മുതൽ 27.9.16 വരെ |
| | ശ്രീ.ഷാഹുൽ ഹമീദ്.എ.എം | 28.9.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | ഡോ.ഹമീദ്.എൻ.കെ | 1.4.2016മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.സി.കെ.നിഷ | 1.4.2016മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ബിന്ദു.കെ | 1.4.2016മുതൽ 31.3.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.അംബിക രാജൻ നമ്പ്യാർ | 1.4.2016മുതൽ 31.3.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സ്വപ്ന.പി.കെ | 1.4.2016മുതൽ |

| | | |
|---|---|---|
| | | 18.1716 വരെ |
| | ശ്രീമതി.നിഷ.പി.ടി | 19.7.16 മുതൽ 31.3.2017 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.സുധീര.എസ്.കെ | 1.4.2016മുതൽ 31.3.2017 വരെ |
| വി.ഇ.ഒ | ശ്രീ.കൃഷ്ണദാസൻ.കെ | 1.4.2016മുതൽ 31.3.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഹർഷലത.കെ | 1.4.2016മുതൽ 1.6.2017 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ.കെ.ടി വിജയൻ | 1.4.2016മുതൽ 31.3.2017 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ബിന്ദു.സി. | 1.4.2015മുതൽ 31.3.2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം - 1 പൊതു അവലോകനം | ഖണ്ഡിക നം |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| ഭാഗം -2വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |

| | | |
|---|---|---|
| 11 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 2-1 |
| 12 | വസ്തുനികുതി – പൊതു അവലോകനം | 2-2 |
| 13 | ഡി & ഒലൈസൻസ് മുഴുവൻ കെട്ടിടങ്ങളിൽ നിന്നും ഫീസ് ഈടാക്കുന്നില്ല. | 2-3 |
| 14 | തൊഴിൽ നികുതി- അപാകതകൾ | 2-4 |
| 15 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല. | 2-5 |
| 16 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ റവന്യൂ നികുതി ഈടാക്കുന്നു. | 2-6 |
| ഭാഗം -3- ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 16 | കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നിട്ടും പിഴ ചുമത്തിയില്ല | 3-1 |
| 18 | വിവാഹധനസഹായം അനർഹർക്ക് നൽകി. | 3-2 |
| 19 | പദ്ധതി നിർവ്വഹണവും മോണിറ്ററിംഗും -നടത്തിപ്പിലെ അപാകതകൾ | 3-3 |
| 20 | ഭവനപുനരുദ്ധാരണം – ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ചെലവ് | 3-4 |
| 21 | കുടുംബശ്രീ – ഓണം വിപണന മേള- ഉദ്ദേശലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് ചെലവ് | 3-5 |
| 22 | മാർക്കറ്റ് നിരക്ക് പരിശോധിക്കാതെയും വിദഗ്ദോപദേശം തേടാതെയും സിംഗിൾ ടെണ്ടർ അംഗീകരിച്ചു | 3-6 |
| 23 | തൊഴിലുറപ്പ് പദ്ധതിയ്ക്ക് സാധനങ്ങൾ വിതരണം ചെയ്ത കരാറുകാരനിൽ നിന്നും വാറ്റ് ഈടാക്കിയതിൽ കുറവ് | 3-7 |
| 24 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിന് ജില്ലാ പഞ്ചായത്ത് വിഹിതവും ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ഉൾപ്പെടുത്താതെ | 3-8 |

| | | |
|---|---|---|
| | പ്രൊജക്ട് തയ്യാറാക്കി ജില്ലാ പഞ്ചായത്ത് വിഹിതം കൈപ്പറ്റി – വിദ്യാർത്ഥികൾക്ക് തുക നൽകിയില്ല. | |
| 25 | ജീവനക്കാരുടെ യാത്രയയപ്പ് – പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചത് – | 3-9 |
| 26 | പഞ്ചായത്തിന് സ്വന്തമായി വാഹനമുണ്ടായിട്ടും സ്വകാര്യ ടാക്സി വിളിച്ചത് | 3-10 |
| 27 | മൂന്ന് വർഷം മുമ്പേ വാങ്ങിയ ബിറ്റുമിൻ ഉപയോഗിച്ച് റോഡ് ടാർ ചെയ്തു. ഗുണനിലവാരം ഉറപ്പ് വരുത്തിയില്ല. | 3-11 |
| 28 | ഹോമിയോ മരുന്നുകൾ ലഭ്യമാകാത്തത് – സംബന്ധിച്ച് | 3-12 |
| 29 | കന്നുകുട്ടി പരിപാലന പദ്ധതി – വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. | 3-13 |
| 30 | വിവിധ പദ്ധതികൾ തുക നൽകിയതും ഡെപ്പോസിറ്റ് ചെയ്തതും വിനിയോഗ വിവരങ്ങളില്ല | 3-14 |
| 31 | ശാരീരിക-മാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് – മതിയായ തുക വകയിരുത്തുന്നില്ല | 3-15 |
| ഭാഗം-4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 32 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | വായ്പ/വായ്പ തിരിച്ചടവ് | 4-3 |
| 35 | സ്ഥിര നിക്ഷേപങ്ങൾ | 4-4 |
| 36 | ഓഡിറ്റ് റിക്കവറി | 4-5 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-6 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |
| 40 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 30.7.16 തിയതിയിലെ 132/15തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 24.7.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 22.8.2017 | |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16152779 |
| വരവ് | 37639172 |
| ആകെ | 53791951 |
| ചെലവ് | 36786479 |
| നീക്കിയിരിപ്പ് | 17005472 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 11470250 | 11470250 | 8357908 | 3112342 | 72.87 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | | 5128515 | 5128515 | 2264471 | 2864044 | 44.15 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | | 1646274 | 1646274 | 215269 | 1431005 | 13.08 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 3118560 | 3118560 | 652000 | 2466560 | 20.91 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 6432303 | 6432303 | 3173380 | 3258923 | 49.34 |
| പെർഫോമൻസ് ഗ്രാന്റ് | | 4117985 | 4117985 | 2780781 | 1337204 | 67.53 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 155 | 52449776 | 64 | 21210217 | 20 | 91 | 40.44 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 32.47% ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3012071 | 3857744 | 845673 | 28.08 |
| നികുതിയേതര വരവുകൾ | 752058 | 1153218 | 401160 | 53.34 |
| മറ്റുവരവുകൾ | 114607 | 127240 | 12633 | 11.02 |
| ആകെ | 3878736 | 5138202 | 1259466 | 32.47 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 444000 | 276 |
| കർഷകതൊഴിലാളി പെൻഷൻ | 7643970 | 2947 |
| വിധവാപെൻഷൻ | 10097900 | 3767 |
| വാർദ്ധക്യകാലപെൻഷൻ | 20255590 | 7103 |
| വികലാംഗപെൻഷൻ | 2880305 | 1019 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1801350 | 669 |
| വിവാഹ ധനസഹായം | 360000 | 12 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.08.2017 ന് രാവിലെ 10 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ല

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.8.17 | ജൂലായ് 2017-18 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3.4.2010 മുതൽ 20.4.2010 വരെ | 2005-06 മുതൽ 2009-10 വരെ | LBA(HQ)111/8A-1561/22 Dated 17.5.2010 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2016- 17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) ചില നികുതികളുടെ ഡിമാന്റും, കലക്ഷനും, വാർഷിക ധനകാര്യ പത്രികയും രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | രജിസ്റ്റർ പ്രകാരം | | | എ എഫ് എസ് പ്രകാരം | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കലക്ഷൻ | ബാലൻസ് | ഡിമാന്റ് | കലക്ഷൻ | ബാലൻസ് |
| വസ്തു നികുതി | 32,18,626 | 20,26,766 | 11,91,860 | 32,06,612 | 19,12,913 | 12,93,699 |
| തൊഴിൽ നികുതി- ജീവനക്കാർ | 831280 | 831280 | | 830780 | 830780 | |

2) ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം ഐ സി ഡി എസ് സൂപ്പർവൈസർക്ക് ചെക്ക് ആയി ലഭിച്ച തുക 4,67,825 രൂപയാണ്. വാർഷിക ധനകാര്യപത്രികയിൽ ഇത് 8,02,441 രൂപയാണ്. വ്യത്യാസം എന്താണെന്ന് വ്യക്തമാക്കിയിട്ടില്ല. RTGS ആയി തുക കൈമാറിയിട്ടുണ്ടെങ്കിൽ എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല.

3) ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം എം പി ഫണ്ട് ചെക്ക് ആയി ലഭിച്ച തുക 14,96,852 രൂപയാണെങ്കിൽ വാർഷിക ധനകാര്യപത്രികയിൽ ഇത് 15,02,131 രൂപയാണ്. വ്യത്യാസം എന്താണെന്ന് വ്യക്തമാക്കിയിട്ടില്ല. RTGS ആയി തുക കൈമാറിയിട്ടുണ്ടെങ്കിൽ എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല.

4) ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ആസ്തികളും വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല. കൂടാതെ പത്രികയിലെ ആസ്തികളുടെ മൂല്യം ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

5) അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ് , നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല. അതിനാൽ ഈ പത്രിക ശരിയായ രീതിയിൽ ഗ്രാമ പഞ്ചായത്തിന്റെ കണക്കുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.

6) ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം പെയിൻ & പാലിയേറ്റീവ് പ്രൊജക്ടിന് നിർവ്വഹണ ഉദ്യോഗസ്ഥന് അഡ്വാൻസ് നൽകിയിരുന്ന തുക 76,227 രൂപ തിരിച്ച് വന്നതായി കാണിച്ചിട്ടുണ്ടെങ്കിലും, വാർഷിക ധനകാര്യപത്രികയിൽ ഇത് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഇങ്ങനെ ലഭിച്ച തുക ബന്ധപ്പെട്ട അക്കൗണ്ടുകളിൽ തിരിച്ചടവാക്കിയത് സംബന്ധിച്ചും രേഖയില്ല.

7) റോഡ് കട്ടിംഗ് ചാർജ് ഇനത്തിൽ 1,85,614 രൂപ ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രികയിൽ വരവായി രേഖപ്പെടുത്തിയിട്ടില്ല.

8) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി യിൽ വരവായി വന്ന തുക രജിസ്റ്റർ പ്രകാരം 1,45,83,711 രൂപയാണെങ്കിൽ വാർഷിക ധനകാര്യപത്രികയിൽ ഇത് 1,51,12,584 രൂപയാണ്.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 വസ്തു നികുതി- പൊതു അവലോകനം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന നികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കെട്ടിടങ്ങളുടെ പുതുക്കിയ വസ്തുനികുതി നിരക്കുകൾ പരിഷ്കരിച്ചിട്ടുണ്ട്.

പുതുക്കിയ വസ്തു നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുത്തുന്നതിന് പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചതിന്റെയോ( ആയത് സംബന്ധിച്ച് നോട്ടീസ് ബോർഡിലും ദിനപത്രത്തിലും പ്രസിദ്ധീകരിച്ചതിന്റെയോ വിവരങ്ങൾ ഓഡിറ്റിന് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

നികുതി നിർണ്ണയത്തിന് വേണ്ടി പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളെ പ്രാഥമിക മേഖല, ദ്വിതീയ മേഖല ,തൃതീയ മേഖല എന്ന് തരം തിരിച്ചിട്ടുണ്ട്. സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്ക് താഴെ ചേർക്കും പ്രകാരം ആണ്

| ക്രമ നം | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണം | നികുതി നിരക്ക് ച. മീ |
|---|---|---|
| 1 | പാർപ്പിട ആവശ്യത്തിനുള്ളവ | 4രൂപ |

| | | |
|---|---|---|
| 2 | വാണിജ്യാവശ്യത്തിനുള്ളവ<br>1-100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ,ഹോട്ടൽ | 30 രൂപ |
| | 2-100ച.മീറ്ററനുകളിൽതറവിസ്തീർണ്ണമുള്ള ഹോട്ടൽ.ഷോപ്പുകൾ | 50 രൂപ |
| | 3-200 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ,ഹോട്ടൽ | 50രൂപ |
| | 4-200ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഹോട്ടൽ | 80 രൂപ |
| | 5-ബങ്കുകൾ,പെട്ടിക്കടകൾ,കമ്പ്യൂട്ടർ സെന്റർ,ഫ്യൂവൽ സ്റ്റേഷനുകൾ | 50 രൂപ |
| 3 | ആഫീസ് ആവശ്യത്തിനുള്ളവ<br>(വ്യവസായ ശാലകളോടനുബന്ധിച്ചുള്ള ആഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ) | 40 രൂപ |
| 4 | വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ | 6 രൂപ |
| 5 | ആശുപത്രികൾ | 6രൂപ |
| 6 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, കല്യാണ മണ്ഡപം,<br>ആഡിറ്റോറിയം, സിനിമാ തിയേറ്റർ, ലോഡ്ജ് | 30 രൂപ |
| 7 | വ്യവസായ ആവശ്യത്തിനുള്ളവ [1-കൈത്തറി ഷെഡ്, കയർപിരി ഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യ സംസ്കരണ ഷെഡ്, കോഴി വളർത്തൽ ഷെഡ്, ഇഷ്ടിക ചൂള, പീലിംഗ് ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, പട്ടുനൂൽ ഷെഡ്] | 10 രൂപ |
| | 2-ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 40 രൂപ |
| 8 | റിസോർട്ടുകൾ | 80 രൂപ |
| 9 | അമ്യൂസ്മെന്റ് പാർക്ക് | 30 രൂപ |
| 10 | മൊബൈൽ ടെലിഫോൺ ടവർ | 500 രൂപ |

നികുതിദായകർക്ക് തറ വിസ്തീർണം അടിസ്ഥാനമാക്കിയാണ് നികുതി ഈടാക്കുന്നത്. പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിൽ ഡാറ്റാ എൻട്രി ചെയത് പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സാംഖ്യ-സഞ്ചയ ഇന്റഗ്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പഴയ കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിയ ഭാഗങ്ങളിൽ പുതുക്കിയ നിരക്കിലും പഴയ ഭാഗത്തിന് നിലവിലുള്ള കെട്ടിടമായും കണക്കിലെടുത്താണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

100 ച.മീ യിൽ കൂടുതൽ തറ വിസ്തീർണമുള്ള കെട്ടിടങ്ങളിൽ നിന്നും കൂടിയ നിരക്കിൽ നികുതി ഈടാക്കുന്നതിന് പകരം ,ഇത്തരം കെട്ടിടങ്ങൾക്ക് ഒന്നിലധികം നമ്പരുകൾ നല്കി വേറെ വേറെ കെട്ടിടങ്ങളായി പരിഗണിച്ച് 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് നികുതി പിരിച്ചത്. ഇത് മൂലം വരവ് നഷ്ടം സംഭവിച്ചിട്ടുണ്ട്

സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തു നികുതിയുടെ Demand, Balance എന്നിവ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും 2013-14 മുതലുള്ള വസ്തുനികുതി ഈടാക്കിയിട്ടില്ല.ഇത് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

വസ്തു നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടവരുടെ വിവരങ്ങൾ പ്രത്യേകം രജിസ്റ്റർ വെച്ച്

സൂക്ഷിക്കുന്നുണ്ട്. ഒഴിവായി കിടക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഇളവ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

പഞ്ചായത്തിൽ പൊതു ടാപ്പുകളും തെരുവു വിളക്കുകളും അടക്കമുള്ള സേവനങ്ങൾ ലഭ്യമാക്കുന്നുണ്ടെങ്കിലും സേവന ഉപ നികുതി വസ്തു നികുതിയോടൊപ്പം ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

2016-17 സാമ്പത്തിക വർഷത്തിൽ ഡിമാൻഡ് ചെയ്ത തുകയുടെ(സഞ്ചയ പ്രകാരം) 69.24% മാത്രമാണ് പിരിച്ചെടുക്കാൻ സാധിച്ചത്. മുൻ വർഷങ്ങളിലെ കുടിശ്ശികയായ വസ്തു നികുതിയുടെ 46.71 % മാത്രമാണ് ഈടാക്കാൻ സാധിച്ചിട്ടുള്ളത്. കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തുമ്പോൾ കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, വഴി സൗകര്യം, തറ വിസ്തീർണ്ണം, മേൽക്കൂരയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം, തറ നിർമ്മിതിയുടെ തരം, ഉപയോഗം, സെൻട്രലൈസ്ഡ് എയർകണ്ടീഷനിംഗ് എന്നീ ഘടകങ്ങൾ കണക്കിലെടുത്ത് ഇളവുകളും അതിനനുസരിച്ചുള്ള വർദ്ധനവും ഉറപ്പ് വരുത്തിയിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ് വെയറിൽ ഡിജിറ്റൽ അസസ്മെന്റ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 10701 കെടിടങ്ങളാണ് നിലവിലുള്ളത്. ഇതിൽ 8477 വീടുകളും 1725 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളും 66 വ്യവസായങ്ങൾക്കുള്ള കെടിടങ്ങളും 49 വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടങ്ങളും 10 മൊബൈൽ ടവറുകളും 3 ഓഡിറ്റോറിയങ്ങളും,നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള 210 കെട്ടിടങ്ങളും ഉൾപ്പെടുന്നു. പഞ്ചായത്തിലെ കെട്ടിട നികുതി അടവാക്കുന്നതിന് online സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

## 2-3 ഡി &ഒ ലൈസൻസ് മുഴുവൻ കെട്ടിടങ്ങളിൽനിന്നും ഫീസ് ഈടാക്കുന്നില്ല.

തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിലെ വസ്തുനികുതിയുടെ ഫയൽ പ്രകാരം 1793 വാണിജ്യകെട്ടിടങ്ങൾ ഉണ്ട്. എന്നാൽ 2016-17 ഡി &ഒ ലൈസൻസ് രജിസ്റ്റർ, ഫയൽഎന്നിവപരിശോധിച്ചതിൽ പഞ്ചായത്തിലെ 307 വാണിജ്യകെട്ടിടങ്ങളിൽ നിന്നും മാത്രമേ 2016-17 സാമ്പത്തികവർഷത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളൂ. മുഴവൻ കെട്ടിടങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴവൻകെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കാൻ വേണ്ടനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി അപാകതകൾ

തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിലെ 2016-17ലെ തൊഴിൽ നികുതി രജിസ്റ്റർ,റിട്ടേൺ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ന്യൂവിമലാ ആയുർവ്വേദ ഹോസ്പിറ്റൽ ,പുറക്കാട്ടേരി എന്ന സ്ഥാപനത്തിൽ നിന്നും 2016-17 സാമ്പത്തികവർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കൂടാതെ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ഈടാക്കാൻ ബാക്കിയുള്ള കാലയളവ് |
|---|---|
| ന്യൂ വിമല ആയുർവ്വേദ ഹോസ്പിറ്റൽ,പുറക്കാട്ടേരി | 2016-17 |
| ന്യൂ കാലിക്കറ്റ് സിറ്റി മെഡിക്കൽസ്,തലക്കുളത്തൂർ | 2016-17 |

| | |
|---|---|
| സായിറാംഹോമിയോക്ലിനിക്ക്,പുറക്കാട്ടേരി | 2016-17 |
| ആദിത്യക്ലിനിക്കൽ ലാബ്,തലക്കുളത്തൂർ | 2016-17 |
| ശ്രീകൃഷ്ണ മെഡിക്കൽസ്,തലക്കുളത്തൂർ | 2016-17 |
| ശ്രീകല ഡയനോഗ്നിറ്റിക് സെന്റർ,തലക്കുളത്തൂർ | 2016-17 |
| സൊസൈറ്റി ഫോർ മെന്റൽ ഹെൽത്ത്സെന്റർ,തലക്കുളത്തൂർ | 2016-17 |
| ഷിംനആയുർവ്വേദചികിത്സാലയം | 2016-17 |
| ഉദയ മെഡിക്കൽസ്,തലക്കുളത്തൂർ | 2016-17 |
| ഗ്രേസ് ഡെന്റൽ ക്ലിനിക്ക് | 2016-17 |

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല

1)സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തു നികുതിയുടെ Demand, Balance എന്നിവ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളിൽ നിന്നും 2013-14 സാമ്പത്തിക വർഷം മുതൽ വസ്തുനികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു

| ക്രമ നം | കെട്ടിട നം | മൊബൈൽ ടവറിന്റെ പേര് | കാലയളവ് | തുക |
|---|---|---|---|---|
| 1 | 6/245 | വൊഡാഫോൺ സെല്ലുലാർ | 2013-14മുതൽ 2016-17 വരെ | 18137 |
| 2 | 6/246 | എം.എസ്.ഡിഷ്നെറ്റ് എയർസെൽ | 2013-14മുതൽ 2016-17 വരെ | 21652 |
| 3 | 6/542 | ഇൻഡസ് ടവർ | 2013-14മുതൽ 2016-17 വരെ | 15726 |
| 4 | | വാട്ടർ അതോറിറ്റി | 2013-14മുതൽ 2016-17 വരെ | 11400 |
| 5 | 10/367 A | ഹച്ചിസൺ എസ്സാർ | 2012-13മുതൽ 2016-17 വരെ | 5537 |
| 6 | 10/457 | വയർലെസ്സ്.ടി.ടി. ഇൻഫോ | 2012-13മുതൽ 2016-17 വരെ | 7516 |

| | | | | |
|---|---|---|---|---|
| 7 | 11/109 A | റിലയൻസ് | 2013-14മുതൽ 2016-17 വരെ | 4344 |
| 8 | 11/636 | ഐഡിയ | 2010-11മുതൽ 2016-17 വരെ | 6705 |
| 9 | 16/92 A | ഭാരതി ടെലി വെന്ച്വർസ് | 2013-14മുതൽ 2016-17 വരെ | 39164 |
| ആകെ | | | | 130181 |

ഈ തുക മൊബൈൽ കമ്പനികളിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയ്ക്കേണ്ടതാണ്.

2. സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന മൊബൈൽ ടവറിന്റെ കെട്ടിട നികുതി Exempted എന്ന് രേഖപ്പെടുത്തി ഒഴിവാക്കി നൽകിയിട്ടുണ്ട്

| ക്രമ നം | കെട്ടിട നം | അപേക്ഷകന്റെ പേര് | കാലയളവ് | തുക |
|---|---|---|---|---|
| 1 | 14/398 | വിജയൻ, മലയിൽ വീട് | 2013-14മുതൽ 2016-17 വരെ | 18900 |

ഒരു സ്വകാര്യ മൊബൈൽടവറിന്റെ കെട്ടിട നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

## 2-6 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ, ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണയിച്ചത് മൂലം താഴെ പറയുന്ന 100 ച.മീ യിൽ കൂടുതലുള്ള കെട്ടിടങ്ങളിൽ നിന്നു 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് നികുതി പിരിച്ചത്.

| കെട്ടിട ഉടമയുടെ പേരും വിലാസവും | കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണം | കെട്ടിടത്തിനു നൽകിയ നമ്പർ | തറ വിസ്തീർണം (ച.മി) | ബാധക മാക്കിയ നിരക്ക്) | ബാധക മാക്കിയ നികുതി (ഇളവുകളും വർദ്ധനവും അടക്കം)+ ലൈ.സെസ്സ് | ബാധക മാക്കേണ്ട നിരക്ക്) | ബാധക മാക്കേണ്ട നികുതി (ഇളവുകളും വർദ്ധനവും അടക്കം)+ ലൈ.സെസ്സ് | നഷ്ടം |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| | | 2/208 C | 18.89 | | 681`+35=718 | | 1134+57=1191 | 473 |
| | | 2/208 D | 18.89 | | 681`+35=718 | | 1134+57=1191 | 473 |
| | | 2/208 E | 17.55 | | 632+32=664 | | 1053+53=1106 | 442 |
| | | 2/208 F | 18.89 | | 681`+35=718 | | 1134+57=1191 | 473 |
| മൂസ്സ. ഫാത്തിമ,, സാബിറ, സെബീർ വെള്ളിയാംകാക്കുൽ ഹൌസ്, തലക്കളത്തൂർ | 187.56 | 2/208 G | 18.89 | 30 | 681`+35=718 | 50 | 1134+57=1191 | 473 |
| | | 2/208 H | 18.89 | | 681`+35=718 | | 1134+57=1191 | 473 |
| | | 2/208 I | 18.89 | | 681`+35=718 | | 1134+57=1191 | 473 |
| | | 2/208 J | 18.89 | | 681`+35=718 | | 1134+57=1191 | 473 |
| | | 2/208 K | 18.89 | | 681`+35=718 | | 1134+57=1191 | 473 |
| | | 2/208 L | 18.89 | | 681`+35=718 | | 1134+57=1191 | 473 |
| ആകെ | | | | | 7126 | | 11825 | 4699 |
| | | 10/261 B | 16.1 | | 483+25=509 | | 805+41=846 | 337 |
| | | 10/261 C | 16 | | 480+24=504 | | 800+40=840 | 336 |
| | | 10/261 D | 16 | | 480+24=504 | | 800+40=840 | 336 |
| | | 10/261 E | 6.5 | | 195+10=205 | | 325+17=342 | 137 |
| ചാലക്കൽ മുഹമ്മദ് അബ്ദുൽ നജീബ്& ഹന്നത്ത് നജീബ് | 136.6 | 10/261 F | 16 | 30 | 480+24=504 | 50 | 800+40=840 | 336 |
| | | 10/261 G | 16 | | 480+24=504 | | 800+40=840 | 336 |
| | | 10/261 H | 16 | | 480+24=504 | | 800+40=840 | 336 |
| | | 10/261 I | 16.5 | | 495+25=520 | | 825+42=867 | 347 |
| | | 10/261 J | 17 | | 510+26=536 | | 850+43=893 | 357 |

| | | | | |
|---|---|---|---|---|
| ആകെ | 4290 | | 7148 | 2858 |

ഈ കെട്ടിടങ്ങളുടെ നികുതി പുനർ നിർണയിച്ച് , ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നിട്ടും പിഴ ചുമത്തിയില്ല

പ്രൊജക്റ്റ് - എടക്കര മിനി സ്റ്റേഡിയം- അറ്റകുറ്റപ്പണി

പ്രൊജക്റ്റ് നം - 76/16 & 118/17

അടങ്കൽ - 5,60,000 രൂപ (തനത് ഫണ്ട്)

അളവ് ബുക്ക് നം - 41/16-17

കരാറുകാരൻ - ശ്രീ അഷ്റഫ് വി, വാഴപ്പരോളിൽ

കരാർ നം - 25/15-16 തി. 3.10.2015

പ്രവൃത്തി മൂല്യം - 5,36,378 രൂപ

എസ്റ്റിമേറ്റ് പി.എ.സി- 5,55,060 രൂപ

ചെക്ക് നം, തുക - 5,36,378 രൂപ

2015- 16 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് എടക്കര മിനി സ്റ്റേഡിയം- അറ്റകുറ്റപ്പണി നടത്തേണ്ടിയിരുന്നത്. ആ വർഷം ടെൻഡർ വിളിച്ച കരാറുകാരനായ ശ്രീ അഷ്റഫ് വി, വാഴപ്പരോളിൽ എന്നവർ 3.7% നിരക്ക് കുറച്ച് കരാർ എടുക്കുകയും ചെയ്തു. കരാർ തിയ്യതിയായ 3.10.2015ന് തന്നെ സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട ദിവസം 2016 മാർച്ച് 31ആണ്.

ഈ പ്രവൃത്തി 2015- 16 വർഷത്തിൽ പൂർത്തിയാക്കിയിട്ടില്ല. പകരം 17.1.2017 നാണ് പൂർത്തിയാക്കിയത്. ആദ്യ പ്രവൃത്തി തുടങ്ങിയത് 21.11.2016 നാണ്. എന്നാൽ പ്രവൃത്തി വൈകാനുണ്ടായ കാരണം കരാറുകാരൻ രേഖാ മൂലം വിശദീകരിക്കുകയോ കാലാവധി നീട്ടിത്തരണമെന്ന് ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി ഒ (പി) 13/2012/PWD/ 01.02.2012 സെക്ഷൻ 2112, 2112-1; എന്നിവ പ്രകാരം പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിച്ചില്ലെങ്കിൽ പിഴ ഈടാക്കേണ്ടതാണ്. എന്നാൽ ഇവരിൽ നിന്നും പിഴ ഈടാക്കിയില്ല.

ഇപ്രകാരം ഈടാക്കേണ്ട പിഴ താഴെ കൊടുക്കുന്നു.

പ്രൊജക്റ്റ് കാലാവധി 180 ദിവസം

i) ആദ്യത്തെ 25% സമയം - 45 ദിവസം 1% പിഴ

ii) പിന്നീടുള്ള കാലത്ത് 2% പിഴ

മേൽ പറഞ്ഞ പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരം പ്രവൃത്തി പൂർത്തീകരിക്കാൻ അധികം അനുവദിക്കാവുന്ന സമയം, ആകെ കാലാവധിയുടെ 25% ആണ്. പരമാവധി ഒരു പ്രവൃത്തിയ്ക്ക് അനുവദിക്കാവുന്ന സമയം ആകെ കാലാവധിയുടെ 50% ആണ്. ഇത് പ്രകാരം ഈ പ്രവൃത്തിയ്ക്ക് അനുവദിക്കാവുന്ന പരമാവധി സമയം 2016 ജൂൺ 30 വരെയാണ്. എന്നാൽ ഇവിടെ ഈ പ്രവൃത്തി പൂർത്തിയാക്കിയത് 17.1.2017 നാണ്.

സെക്ഷൻ 2112-1പ്രകാരം മേൽ പറഞ്ഞ വ്യവസ്ഥകൾ പാലിച്ചിട്ടില്ലെങ്കിൽ പ്രവൃത്തി അനധികൃത

പ്രവൃത്തി ആയി പരിഗണിക്കേണ്ടതും പ്രവൃത്തി പൂർത്തീകരിക്കാതെ അത് പൊളിച്ചുമാറ്റാനുള്ള ചെലവ് കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതുമാണ്. കൂടാതെ പ്രവൃത്തിയ്ക്ക് തുക അനുവദിക്കാൻ പാടില്ലാത്തതുമാകുന്നു.

ഈ വ്യവസ്ഥകൾ പാലിക്കാതെ നൽകിയ ബിൽതുകയായ 5,36,378 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-2 വിവാഹധനസഹായം അനർഹർക്ക് നല്കി

പ്രോജക്ട് 42/17 - വിവാഹധനസഹായം

നിർവ്വഹണം - അസി സെക്രട്ടറി

അടങ്കൽ – 750000 വികസന ഫണ്ട് എസ് സി പി

ചെലവ് – 250000 bill 6/16-17 9.3.17

150000 4/16-17 3.3.17

250000 1/16-17 23.1.17

450000

പഞ്ചായത്തിലെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹച്ചെലവിലേക്ക് ധനസഹായം നല്കുന്നതിനാണ് മേൽ പ്രോജക്ട് നടപ്പാക്കിയത്. പ്രോജക്ട് പ്രകാരം 9 പേർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകളുണ്ടായി.

11.01.2016 ലെ സ.ഉ.(എം.എസ്) 4/16-17 തസ്വഭവ. അനുബന്ധം 15 ഖണ്ഡിക 6-15 പ്രകാരം 1,00,000 രൂപയിൽ കവിയാത്ത കുടുംബത്തിലുള്ള വനിതകളെയാണ് ആനുകൂല്യം നൽകാനായി പരിഗണിക്കേണ്ടത്. മേൽ ഉത്തരവിലെ ഖ. 2-14 പ്രകാരം സർക്കാർ/അർദ്ധസർക്കാർ/എയ്ഡഡ് /സഹകരണ സ്ഥാപനങ്ങൾ/ സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർ, പെൻഷണർമാർ എന്നിവയിലാരെങ്കിലും ഉൾപ്പെടുന്ന കുടുംബത്തെ നിശ്ചിത വരുമാന പരിധിക്ക് താഴെയുള്ളവരായി കണക്കാക്കാൻ പാടില്ല എന്നും പറയുന്നു. മേൽ നിബന്ധനകൾക്ക് വിരുദ്ധമായി താഴെ പറയുന്നവർക്ക് ധനസഹായം നല്കി.

| | ഗുണഭോക്താവിന്റെ പേര് | അനർഹതയ്ക്ക് കാരണം |
|---|---|---|
| 1. | വന്ദന.കെ.ടി D/o വേലായുധൻ.കെ.ടി | ഫയലിനോടൊപ്പമുള്ള വിവാഹസർട്ടിഫിക്കറ്റ് പ്രകാരം ഗുണഭോക്താവ് സിവിൽ പോലീസ് ഓഫീസർ ആയി ജോലി ചെയ്യുന്നു |
| 2. | നവനീതു.ഒ.പി D/o അശോകൻ ഒ.പി | ഫയലിനോടൊപ്പമുള്ള വിവാഹസർട്ടിഫിക്കറ്റ് പ്രകാരം ഗുണഭോക്താവ് നഴ്സ് ആയി ജോലി ചെയ്യുന്നു |

മേൽപ്പറഞ്ഞ അനർഹരായവർക്ക് 50,000 രൂപ വീതം 1,00,000 രൂപ ധനസഹായം നൽകിയത് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്.

## 3-3 പദ്ധതി നിർവ്വഹണവും മോണിട്ടറിങ്ങും -നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണം - സെക്രട്ടറി

പ്രോജക്ട് നം - 3 / 2015-16 പദ്ധതി നിർവ്വഹണം

അടങ്കൽ - 200000 CFC

ചെലവ് - 54670 ( ബിൽ നം. 36/16-17 31.3.17)

16000 ( ബിൽ നം. 29/16-17 7.3.17)

35904 ( ബിൽ നം.27/16-17 12.1.17)

13279 ( ബിൽ നം.22/16-17 21.12.16)

119853

1.പത്രപരസ്യത്തിന് അധികം തുക നല്കി

2016-17 വർഷം പദ്ധതി പ്രവർത്തനങ്ങൾക്കായി തുക ചെലവഴിക്കുന്നതിനാണ് മേൽ പ്രോജക്ട് ആയതിലെ ഒരിനം ടെണ്ടർ പരസ്യങ്ങൾ നല്കുന്നതിനാണ്.

മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികളുടെ ടെണ്ടർ പരസ്യം പത്രങ്ങളിൽ നല്കുന്നതിനായി സമർപ്പിച്ചിട്ടുള്ള ബില്ലുകൾ പത്ര പരസ്യങ്ങൾ എന്നിവ പരിശോധിച്ചതിൽ പത്ര പരസ്യത്തിന് നിരക്ക് അനുവദിക്കുന്നത് കോളം അടിസ്ഥാനത്തിലല്ല എന്ന് കാണുന്നു. ജി.ഒ. (ആർടി) 288/14/I & PRD/10.9.14 , ജി.ഒ. (പി) 17/15/I & PRD/8.12.15,എന്നീ ഉത്തരവു പ്രകാരം ABC സർക്കുലേഷനില്ലുള്ള പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് നിരക്കുകൾ പരിഷ്കരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവുകൾ പ്രകാരം പരസ്യത്തിന്റെ ഉയരം സെന്റീ മീറ്ററിലും വീതി കോളം അടിസ്ഥാനത്തിലും കണക്കാക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. (മാതൃഭൂമി, മനോരമ പത്രങ്ങൾക്കൊഴികെ) ഇവിടെ പരസ്യത്തിന്റെ നീളവും വീതിയും സെന്റീ മീറ്ററിലാണ് കാണിച്ചത്. ഗവർമെന്റ് സ്ഥാപനങ്ങൾക്ക് നേരിട്ടോ പിആർഡി മുഖേനയോ നല്കുന്ന ടെണ്ടർ 15% ഇളവ് അനുവദിക്കണമെന്നുണ്ട്. ഈ ഇളവും ലഭ്യമാക്കിയിട്ടില്ല.

| പത്രം പരസ്യ തിയ്യതി | അനുവദിച്ചതുക |
|---|---|
| ദേശാഭിമാനി 2017031328/ 1.3.17 | 9 സെ.മീ. വീതി x 2 കോളം x 110 (നിരക്ക്) = 7920 രൂപ (തുക കണക്കാക്കിയത് വ്യക്തമല്ല) |
| ദേശാഭിമാനി 2017031333/ 1.3.17 | 9 സെ.മീ. വീതി x 2 കോളം x 110 (നിരക്ക്) = 7920 രൂപ (തുക കണക്കാക്കിയത് വ്യക്തമല്ല) |
| ദേശാഭിമാനി 2017030095/ 26.2.17 | 7 x 2 x 110 =9760 (തുക കണക്കാക്കിയത് വ്യക്തമല്ല) |
| ഇന്ത്യൻ എക്സ്പ്രസ്സ് 662594/ 26.2.17 | 8cm x 4 cm = 32 32x150 = 4800 |
| ഇന്ത്യൻ എക്സ്പ്രസ്സ് 649755/ 26.1.17 | 8 സെ.മീ. വീതി x 6 സെ.മീ. നീളം =48 x 150 (നിരക്ക്) = 7200 രൂപ |

| | |
|---|---|
| ദേശാഭിമാനി 2017014759/ 28.1.17 | 10 സെ.മീ. വീതി x 2 കോളം x 110<br>= 7200 രൂപ (തുക കണക്കാക്കിയത് വ്യക്തമല്ല) |
| ദേശാഭിമാനി 2016127034/4.12.16 | 11 സെ.മീ. വീതി x 2 കോളം x 110<br>=9680 രൂപ (തുക കണക്കാക്കിയത് വ്യക്തമല്ല) |
| ദേശാഭിമാനി<br>2016129234/20.12.16 | 10 സെ.മീ. വീതി x 2 കോളം x 110<br>= 8800 രൂപ (തുക കണക്കാക്കിയത് വ്യക്തമല്ല) |
| മാതൃഭൂമി 60971884/20.12.16 | 8 സെ.മീ. വീതി x 6 സെ.മീ. നീളം<br>=48 x 213= 10224 രൂപ |
| ഇന്ത്യൻ എക്സ്പ്രസ്സ് 634898/Koz/20.12.16 | 8 സെ.മീ. വീതി x 6 സെ.മീ. നീളം<br>=48 x 150 (നിരക്ക്) = 7200 രൂപ |
| ആകെ | 80704 |

മേൽ ചാർജ്ജുകൾ നിർണ്ണയിച്ച വിധം പത്ര സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ലഭ്യമാക്കേണ്ടതും സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾക്ക് വിരുദ്ധമായി പരസ്യ ചാർജിനത്തിൽ അധികം തുക ചെലവഴിച്ചത് കണക്കാക്കേണ്ടതുമാണ്. മേൽ കാണിച്ച പ്രകാരം തുക കണക്കാക്കിയാൽ തന്നെ സർക്കാർ പരസ്യങ്ങൾക്ക് ലഭ്യമാകേണ്ട 15% ഡിസ്കൗണ്ട് തുക 12106/- രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായി.

2. <u>ആവശ്യം വ്യക്തമാക്കാതെ തുക ചെലവഴിച്ചത്</u>

ബ്ലോക്ക് പഞ്ചായത്ത് ഓഫീസർമാരെയും കൊണ്ട് 17,18 തിയ്യതികളിൽ 7,8,9,10,11,12 വാർഡുകളിൽ പോയതിന് 19.10.2016 ലെ അപേക്ഷ പ്രകാരം KL-10-J-84 നം. ജീപ്പ് ഡ്രൈവർക്ക് 5000/- രൂപ നല്കിയിട്ടുണ്ട്. (2500x2) എന്നാൽ ബ്ലോക്ക് പഞ്ചായത്തിലെ ഉദ്യോഗസ്ഥരുടെ പേര്, യാത്ര നടത്തിയതിന്റെ ഉദ്ദേശം, വാഹന വാടക പഞ്ചായത്തിൽ നിന്നും അനുവദിക്കുന്നതിനു കാരണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

3. <u>ഐകെഎം പത്രികയിൽ കാണിച്ച തുകയ്ക്കുള്ള ചെലവു രേഖകളില്ല</u>

ഐകെഎം സുലേഖ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമാക്കിയ ചെലവു പത്രിക പ്രകാരം മേൽ പ്രോജക്ടിന്റെ ചെലവ് 160792/- രൂപയാണ്. ഓഡിറ്റിന് 119853/- രൂപയുടെ ചെലവു വിവരങ്ങൾ മാത്രമാണ് ലഭ്യമാക്കിയത്.

സർക്കാർ ഉത്തരവു പ്രകാരം ലഭ്യമാകേണ്ട 12106/- രൂപയുടെ ഡിസ്കൗണ്ട് ലഭ്യമാവാതിരുന്നതു മൂലമുള്ള നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ചെലവു രേഖകളില്ലാത്ത 119853/- രൂപയുടെയും കൃത്യമായ വിവരങ്ങളില്ലാത്ത 5000 രൂപയുടെയും ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 <u>ഭവന പുനരുദ്ധാരണം - ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ചെലവ്</u>

പ്രോജക്ട് – വീട്ട പരിഷ്കരണം 84/17

അടങ്കൽ – 325000 വികസന ഫണ്ട് എസ് സി പി

ചെലവ് – 25000 ബിൽ 8/16-17 16.3.17

100000 ബിൽ 10/16-17 31.3.17

125000

നിർവ്വഹണം- അസി സെക്രട്ടറി

പട്ടികജാതി കുടുംബങ്ങളുടെ 8 വർഷത്തിൽ കൂടുതൽ പഴക്കമുള്ള വീടുകൾ വാസയോഗ്യമാക്കുന്നതിന് ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നതിനാണ് മേൽ പ്രോജക്ട് നടപ്പിലാക്കിയത്. അഞ്ച് പേർക്കാണ് തൻവർഷം ഈയിനത്തിൽ ധനസഹായം നൽകിയത്. ആയതിൽ താഴെ പറയുന്ന രണ്ട് പേർക്ക് ധനസഹായം നൽകിയതിൽ അപാകതകളുണ്ടായി.

1. നാരായണൻ പെരുവച്ചാലിൽ മീത്തൽ, വാർഡ് 5

ഗുണഭോക്താവ് അപേക്ഷയോടൊപ്പം സമർപ്പിച്ച എസ്റ്റിമേറ്റിൽ (ഗുണഭോക്താവ് ഭവനത്തിനാവശ്യമായ അറ്റകുറ്റപ്പണി എന്തെന്നും ആയതിനു വരാവുന്ന ഏകദേശ ചെലവും കണക്കാക്കി നല്കുന്ന രേഖ) നിലം, ബാത്ത് റൂം എന്നിവ ടൈൽ പാകുന്നതിനും ബാത്ത്റൂമിൽ വാൾടൈൽ പതിക്കുന്നതിനും 60000/- രൂപ എന്ന് കണക്കാക്കി ആയത് ലഭ്യമാക്കണമെന്നാണ് ആവശ്യപ്പെട്ടത്. എന്നാൽ പഞ്ചായത്തിലെ എൽഎസ്ജിഡി വിഭാഗം (ഓവർസിയർ ശ്രീമതി ഷിബിന) ഗുണഭോക്താവ് പ്ലാസ്റ്ററിങ്ങ് പ്രവൃത്തിക്കായി 38000 രൂപ ചെലവഴിച്ച് പൂർത്തിയാക്കിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്താവിന്റെ യഥാർത്ഥ ആവശ്യം ടൈൽ പാകലാണെന്നിരിക്കെ ആയതിനു തുക നൽകാനാവാത്തതിനാൽ മുൻപ് നടന്ന പ്രവൃത്തി കാണിച്ച് തുക നൽകിയതാണെന്നാണ് മേൽ വൈരുദ്ധ്യം സൂചിപ്പിക്കുന്നത്.

2. റിജിലി ചെത്തിൽ വളപ്പിൽ , വാർഡ് 8

ഗുണഭോക്താവ് അപേക്ഷയോടൊപ്പം ഭവനത്തിനാവശ്യമായ അറ്റകുറ്റപ്പണി എന്തെന്നും ആയതിനു വരാവുന്ന ഏകദേശ ചെലവും കണക്കാക്കി എസ്റ്റിമേറ്റ് ഹാജരാക്കിയിട്ടില്ല. എൽഎസ്ജിഡി വിഭാഗം നൽകിയ സാക്ഷ്യ പത്രത്തിൽ വീടിന്റെ മേൽക്കൂരയുടെ കഴുക്കോൽ പട്ടിക എന്നിവ മാറ്റിയതിന് 25251/- രൂപ ചെലവഴിച്ചതായി പറയുന്നു. എന്നാൽ ഫയലിനോടൊപ്പം ലഭ്യമാക്കിയ 21.1.2012 ലെ 316/2011-12 നം കംപ്ലീഷൻ പ്ലാനിൽ (ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തിയാക്കി അറിയിക്കുന്ന രേഖ) വീടിന്റെ മേൽക്കൂര കോൺക്രീറ്റ് ചെയ്തതാണെന്നു കാണുന്നു. കോൺക്രീറ്റ് ചെയ്ത മേൽക്കൂരയിൽ കഴുക്കോലും പട്ടികയും മാറ്റിയതെങ്ങിനെയെന്ന് വിശദീകരിച്ചിട്ടില്ല. പഞ്ചായത്ത് ധനസഹായം നൽകിയ വീടുകൾക്ക് 8 വർഷം കഴിഞ്ഞും മറ്റുള്ളവയ്ക്ക് 12 വർഷം കഴിഞ്ഞുമാണ് പുനരുദ്ധാരണത്തിന് ധനസഹായം നല്കേണ്ടതെന്നിരിക്കെ 2011-12 സാമ്പത്തിക വർഷാവസാനം കംപ്ലീഷൻ പ്ലാൻ നൽകിയ മേൽ ഭവനത്തിന് 4 വർഷം തികയും മുമ്പ് ധനസഹായം നല്കിയത് ഉത്തരവിനു വിരുദ്ധമാണ്.

മേൽ പ്രോജക്ട് പ്രകാരം റായി നമ്പ്യാരുകണ്ടിയിൽ, വാർഡ് 4, കാർത്ത്യായനി എടവനക്കണ്ടിയിൽ വാർഡ് 8, കമല.കെ.എം വാർഡ് 5 എന്നിവർക്കും ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞവർക്ക് ഭവന പുനരുദ്ധാരണം അത്യാവശ്യമാണെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകളുണ്ടെങ്കിലും പഴക്കം തെളിയിക്കുന്ന രേഖകൾ ഫയലിനോടൊപ്പം ലഭ്യമാക്കിയില്ല.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 50000 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ച് പിടിക്കേണ്ടതാണ്.

## 3-5 കുടുംബശ്രീ ഓണം വിപണന മേള –ഉദ്ദേശ ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് ചെലവ്

നിർവ്വഹണം - അസി സെക്രട്ടറി

പ്രോജക്ട് – കുടുംബശ്രീ ഓണം വിപണന മേള 41/17

അടങ്കൽ – 50000/- CFC

ചെലവ് – 49728/- ബിൽ നം. 3/16-17 3.3.17

കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് വിപണനത്തിനായി വേദിയൊരുക്കുക, ഉൽപാദകർക്ക് പ്രോത്സാഹനം നല്കുക എന്നിവയ്ക്കായി ഓണത്തോടനുബന്ധിച്ച് സി.ഡി.എസുമായി സംയോജിച്ച് വിപണന മേള നടത്തുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്.

വിപണന മേളയ്ക്കായി സ്റ്റാൾ ഒരുക്കി നല്കുക എന്ന അടിസ്ഥാന ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് ചെലവു ചെയ്തതായി കണ്ടു. ഇത്തരത്തിലുള്ള ചെലവു വിവരം താഴെ പറയുന്നു.

| തിയ്യതി | ഇനം | തുക |
|---|---|---|
| 11.8.16 | സി.ഡി.എസ് ജനറൽ ബോഡി | 624 |
| 16.8.16 | സംഘാടന സമിതി | 520 |
| 5.9.16 | ഓണച്ചന്ത ഉദ്ഘാടനം ഭക്ഷണം | 928 |
| 19.8.16 | ഓണച്ചന്ത സി.ഡി.എസ് മീറ്റിംഗ് | 464 |
| 1.9.16 | സ്റ്റാൾ നറുക്കെടുപ്പ് ഭക്ഷണം | 499 |
| 3.9.16 | ക്വട്ടേഷൻ അംഗീകരിക്കൽ ഭക്ഷണം | 173 |
| | | 3208 |

സി.ഡി.എസ് തനത് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ട ഇനങ്ങൾ പദ്ധതിയുടെ ഭാഗമാക്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 3208/- രൂപ ഉത്തരവാദിയായവരിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്.

## 3-6 മാർക്കറ്റ് നിരക്ക് പരിശോധിക്കാതെയും വിദഗ്ദോപദേശം തേടാതെയും സിംഗിൾടെണ്ടർ അംഗീകരിച്ചു

പ്രോജക്ട് - 148/17 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 100000 ലോകബാങ്ക് ധനസഹായം

ചെലവ് - 100000 ബിൽ നം. 37/16-17 31.3.17

മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്ത് ഓഫീസിലേക്ക് താഴെ പറയുന്ന സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടർ വാങ്ങിയിട്ടുണ്ട്.

| ഇനം | നിരക്ക് | എണ്ണം | വില |
|---|---|---|---|
| ഏസർ ഡെസ്ക് ടോപ്പ് പിസി core I5 processor, 4GB RAM 1 TB memmory, windos 10 pro OS | 41904.76 | 2 | 83809.52 |
| ഏസർ മോണിട്ടർ 18.5” | 5714.29 | 2 | 11428.58 |
| വാറ്റ് | | | 4761.91 |
| | | | 1,00,000.00 |

ടി.പി.എസ്. പവർ സൊല്യൂഷൻ എന്ന സ്ഥാപനത്തിന്റെ ഒരു ടെണ്ടർ മാത്രമാണ് ലഭ്യമായത്. ടെണ്ടർ അംഗീകരിക്കുന്നതിനു മുമ്പ് മാർക്കറ്റിൽ ഈയിനത്തിന് എന്തു വിലയുണ്ടെന്ന് പരിശോധിക്കുകയോ സാങ്കേതികജ്ഞാനമുള്ള പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റിൽ നിന്നും റിപ്പോർട്ട് വാങ്ങുകയോ ചെയ്തില്ല. സർക്കാർ സ്ഥാപനമായ കെൽട്രോണിലും പൊതു മാർക്കറ്റിലും ഈ സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറിന് മോണിട്ടറടക്കം 42,000 രൂപയോളം മാത്രം വിലയുള്ളപ്പോൾ മറ്റു മാർഗ്ഗങ്ങൾ അവലംബിക്കാതെ സിംഗിൾ ടെണ്ടർ അംഗീകരിച്ച് അധിക വില നൽകി കമ്പ്യൂട്ടർ വാങ്ങിയതിന് വിശദീകരണം നല്കേണ്ടതാണ്. അപാകതയുടെ അടിസ്ഥാനത്തിൽ 1,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## **3-7** <u>തൊഴിലുറപ്പ് പദ്ധതിക്ക് സാധനങ്ങൾ വിതരണം ചെയ്ത കരാറുകാരനിൽ നിന്നും വാറ്റ് ഈടാക്കിയതിൽ കുറവ്.</u>

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ശ്രീ.ടി.വി.സുരേഷ് കുമാർ എന്ന പിഡബ്ല്യുഡി കരാറുകാരനിൽ നിന്നും വാങ്ങുകയും ചെയ്തു. 2016-17 വർഷം സാധനസാമഗ്രികൾ വിതരണം ചെയ്തതിന് 172348 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. സാധനങ്ങൾ സപ്ലൈ ചെയ്യുമ്പോൾ ഫോറം 8 ലുള്ള ബിൽ (rule 58, KVAT rules) സമർപ്പിക്കേണ്ടതാണെങ്കിലും കരാറുകാരൻ ബിൽ സമർപ്പിച്ചിട്ടില്ല. വാറ്റ് ബിൽ സമർപ്പിക്കാത്തതിനാൽ KVAT rules പ്രകാരം മേൽ പറഞ്ഞ സാധനസാമഗ്രികൾ വിറ്റ വകയിൽ കരാറുകാരനിൽ നിന്നും താഴെ പറയുന്ന നിരക്കിൽ വാറ്റ് ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതായിരുന്നു.

സാധനങ്ങൾ വിതരണം ചെയ്തതിന് 172348 രൂപ കരാറുകാരന് നൽകിയെങ്കിലും ബില്ലിൽ നിന്നും 4% വാറ്റ് മാത്രം ഈടാക്കിയതിനാൽ വാറ്റ് ഇനത്തിൽ 18096.54രൂപ സംസ്ഥാന സർക്കാരിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. മെറ്റീരിയൽസിന് നിയമാനുസൃതമായ നികുതി ഈടാക്കി ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## **3-8** <u>ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിന് ജില്ലാപഞ്ചായത്ത് വിഹിതവും ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ഉൾപ്പെടുത്താതെ പ്രൊജക്ട് തയ്യാറാക്കി - ജില്ലാപഞ്ചായത്ത് വിഹിതം കൈപ്പറ്റി - വിദ്യാർത്ഥികൾക്ക് തുക നൽകിയില്ല.</u>

പ്രൊജക്ട് - ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

പ്രൊജക്ട് നം. - 58/17

അടങ്കൽ - 5,00,000 രൂപ (വി.ഫ)

ചെലവ് - 5,00,000 രൂപ (ബിൽ നം. 0183/ dtd21.3.2017)

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിനായി ആവശ്യമായ തുക വകയിരുത്തിയിട്ടില്ല. ജില്ലാപഞ്ചായത്ത് വിഹിതവും, ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ഉൾപ്പെടുത്താതെ ഗ്രാമപഞ്ചായത്ത് വിഹിതം മാത്രം ഉൾപ്പെടുത്തി 5,00,000 രൂപയുടെ പ്രൊജക്ട് ആണ് തയ്യാറാക്കിയത്. എന്നാൽ ജില്ലാപഞ്ചായത്തിന്റെ 2015-16 വർഷത്തെ വിഹിതമായി 1,50,000 രൂപ 11.08.2016 ൽ സ്ഥാപനത്തിൽ ലഭിച്ചിട്ടുണ്ട്. (ചെക്ക് നം. 208219 / 26.7.2016 ) ഈ തുക ഇതുവരെയായി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയതിന്റെ വിശദാംശം ലഭ്യമല്ല.

ലഭിച്ച 1,50,000 രൂപ ഏത് അക്കൗണ്ടിൽ നിക്ഷേപിച്ചെന്നോ, എന്ത് ചെയ്തെന്നോ വ്യക്തമാക്കേണ്ടതാണ്.

## 3-9 ജീവനക്കാരുടെ യാത്രയയപ്പ്- പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചത്-

തനത് ഫണ്ട് വൗച്ചറുകൾ പരിശോധന നടത്തിയപ്പോൾ ,വിവിധ ജീവനക്കാരുടെ യാത്രയയപ്പ് പരിപാടിക്കായി തുക ചെലവഴിച്ചതായി കാണുന്നു.

| ക്രമ നം | പരിപാടിയുടെ പേര് | തിയതി | വൗച്ചർ നം./തിയതി | തുക |
|---|---|---|---|---|
| 1 | കൃഷി ഓഫിസർക്ക് യാത്രയയപ്പ് | 26-7-16 | 21600391/09-09-16 | 2195 |
| 2 | AE മനോജ് യാത്രയയപ്പ് | 30-9-16 | 21600583/24-11-16 | 2230 |
| 3 | പ്രിയ യാത്രയയപ്പ് | 13-1-17 | 21600909/10-3-17 | 1244 |
| 4 | വിവിധ സ്കൂളുകളിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് യാത്രയയപ്പ് | 16-3-16 | 21600066/28-4-16 | 1369 |
| | അദ്ധ്യാപകരുടെ യാത്രയയപ്പ് -ഫോട്ടോ എടുത്തത് | | 21600126/30-5-16 | 800 |
| | അദ്ധ്യാപകരുടെ യാത്രയയപ്പ് - നോട്ടിസ് അടിച്ചത് | | 21600033/12-4-16 | 970 |
| ആകെ | | | | 8808 |

ജീവനക്കാരുടെ യാത്രയയപ്പ് പരിപാടികൾക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. ചെലവ് തുക നിരാകരിക്കുന്നു.

## 3-10 പഞ്ചായത്തിന് സ്വന്തമായി വാഹനമുണ്ടായിട്ടും സ്വകാര്യ ടാക്സി വിളിച്ചത്

പഞ്ചായത്തിന് സ്വന്തമായി വാഹനം ഉണ്ടായിരിക്കെ തന്നെ ശ്രീ. ഖാദർ എന്നയാളുടെ KL-10-J-84 എന്ന സ്വകാര്യ ടാക്സി,അനൗദ്യോഗിക യാത്രക്കും മറ്റുമായി ഉപയോഗിച്ചതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം | തിയതി | യാത്ര വിവരം | സമയം | വൗച്ചർ നം./തിയതി | തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 31-5-16 | കച്ചേരി-രാമല്ലൂർ (സെക്രട്ടറിയുടെ യാത്രയയപ്പ്) | 5PM-8PM | 21600173/8-6-16 | 600 | ഇതേ ദിവസം ഓഫിസ് വാഹനവും ഇതേ ആവശ്യത്തിനായി |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ഓടിയതായി ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട് (6PM-8PM) |
| 2 | 12-8-16 | പഞ്ചായത്ത്- കലക്ടേറ്റ്, പഞ്ചായത്ത്-KSEB ചേളന്നൂർ | 10.30 AM-1PM 2.30PM-4PM | 21600386/9-9-16 | 1000 | ഈ ദിവസം ഓഫീസ് വാഹനം മറ്റ് ഓട്ടത്തിനായി പോയതായി ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല |
| ആകെ | | | | | 1600 | |

ഇതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-11 മൂന്ന് വർഷം മുമ്പേ വാങ്ങിയ ബിറ്റുമിൻ ഉപയോഗിച്ച് റോഡ് ടാർ ചെയ്തു. ഗുണ നിലവാരം ഉറപ്പ് വരുത്തിയില്ല.

പ്രൊജക്ട് - പട്ടർ പാലം- വേട്ടോട്ട് കുന്ന് റോഡ് മെറ്റലിംഗ് & ടാറിംഗ്

പ്രൊജക്ട് നം - 176/16 & 128/17

അടങ്കൽ - 2,15,269 രൂപ (സംരക്ഷണ ഗ്രാന്റ്- റോഡ്)

അളവ് ബുക്ക് നം. - 82/14-15

കൺവീനർ - ശ്രീ ഗോപാലൻകുട്ടി നായർ

കരാർ നം - 45/15-16തി. 4.3.2016

പ്രവൃത്തി മൂല്യം - 2,15,269 രൂപ

ബിൽ നം, തുക - 2,15,269 രൂപ. (0164/ dtd. 06.03.2017)

ഈ റോഡ് ടാർ ചെയ്യുന്നതിന് ആവശ്യമായ 7 ബാരൽ ബിറ്റുമിൻ ബാരലിന് 7000 രൂപ നിരക്കിൽ വാങ്ങിയത് കോൺട്രാക്ടർ ആയ ശ്രീ എം കെ റിജേഷ് എന്നിവരിൽ നിന്നുമാണ്. ഇദ്ദേഹം ബിറ്റുമിൻ സിഡ്കോയിൽ നിന്നും 4.4.2013 ലാണ് വാങ്ങിയത്. ഇൻവോയ്സ് നം. 6005/4.4.2013. 2,30,611 രൂപ . ഈ ഇൻവോയ്സ് ന്റെ പകർപ്പ് ആണ് ബില്ലിൽ വെച്ചത്. എന്നാൽ ടാറിംഗ് പ്രവൃത്തി നടന്നത് 2016 ഏപ്രിൽ മാസത്തിലാണ്. അതായത് 3 വർഷം കഴിഞ്ഞ്.

മൂന്ന് വർഷം ഗോഡൗണിൽ ഇറക്കിവെച്ച ബിറ്റുമിന്റെ ഗുണമേന്മ പരിശോധിച്ചിട്ടില്ല. കൂടാതെ 2013 ലെ ബിറ്റുമിനേക്കാൾ വില 2016- ൽ കുറഞ്ഞിട്ടുമുണ്ട്. ഗുണനിലവാരം കുറഞ്ഞാൽ റോഡിന്റെ ആയുസ്സ് കുറയുന്നതാണ്. ഇത് പഞ്ചായത്തിന്റെ ഫണ്ട് ദുരുപയോഗം ചെയ്തതിന് തുല്യമാണ്. നല്ല ഗുണനിലവാരം ഉള്ള ബിറ്റുമിൻ മാർക്കറ്റിൽ നിന്ന് ലഭ്യമാകുമെന്നിരിക്കെ ഒരു കരാറുകാരനിൽ നിന്നും പഴക്കമുള്ള ബിറ്റുമിൻ വാങ്ങി റോഡ് പണി നടത്തിയത് ശരിയായ നടപടിയല്ല. അതിനാൽ ചെലവഴിച്ച തുക 2,15,269 രൂപ തടസ്സത്തിൽ വെക്കുന്നു.

ഉത്തരവാദപ്പെട്ട ഏജൻസികളായ സിഡ്കോ, ബിറ്റുമിൻ നിർമ്മാതാക്കളായ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ , ബി പി, എച്ച് പി എന്നിവരിൽ നിന്ന് വാങ്ങാതെ കോൺട്രാക്ടറിൽ നിന്നും ബിറ്റുമിൻ വാങ്ങിയതിന്റെ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

ഈ കരാറുകാരന് ബിറ്റുമിൻ വിൽക്കാനാവശ്യമായ അനുമതി സർക്കാർ നൽകിയിട്ടുണ്ടെങ്കിൽ അവ ഹാജരാക്കേണ്ടതാണ്. കൂടാതെ, കരാറുകാരൻ നൽകിയ ബിറ്റുമിന്റെ ഗുണനിലവാരം ആരാണ് ഉറപ്പ് വരുത്തിയതെന്നും, അതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്താണെന്നും വ്യക്തമാക്കേണ്ടതാണ്. ഇങ്ങനെ ഉണ്ടാകാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 3-12 ഹോമിയോ മരുന്നുകൾ ലഭ്യമാകാത്തത് -സംബന്ധിച്ച്.

നിർവ്വഹണം -മെഡിക്കൽ ഓഫീസർ ബിൽ നം 1/16-17

പ്രോജക്ട് നമ്പർ 92/16-17 തിയതി. 20/12/16

വകയിരുത്തിയത് - 100000/-

ചെലവ് -100000/-

ഹോമിയോ ഡിസ്പെൻസറിയിലെക്ക് മരുന്നുകൾ വാങ്ങുന്നതിനായി ഹോംകോസിന് 100000/-മുൻകൂറായി 26-12-16 ന് ഡി.ഡി. നം 379837 Dated 20-12-16 പ്രകാരം നൽകിയിട്ടുണ്ട്. ഇതിൽ 63670 രൂപയുടെ മരുന്നുകൾ ആണ് ഇതുവരെ ലഭ്യമായിട്ടുള്ളത്. 36330 രൂപയുടെ മരുന്നുകൾ ഓഡിറ്റ് തിയതി വരെ ലഭ്യമായിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്

## 3-13 കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗയാക്ഷ്യപത്രം ലഭ്യമല്ല

പ്രൊജക്റ്റ് - കന്നുകുട്ടി പരിപാലന പദ്ധതി

പ്രൊജക്റ്റ് നം - 71/17

അടങ്കൽ - 1,87,500 രൂപ (വികസന ഫണ്ട്)

ബിൽ നം. - 1/16-17 തി. 20.2.2017 ; 1,87,500 രൂപ

കന്നുകുട്ടി പരിപാലന പദ്ധതിയിൽ 1,87,500 രൂപ കാഫ് ഫീഡ് സബ്സിഡി നൽകുന്നതുനായി പ്രൊജക്റ്റ് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഇതിൽ എത്ര രൂപ ഈ ആവശ്യത്തിനായി ചെലവഴിച്ചെന്നോ, ബാക്കി ഉപയോഗിക്കാതെ കിടക്കുന്നതെത്രയെന്നോ സംബന്ധിച്ച വിവരം ലഭ്യമല്ല. കൂടാതെ ഈ പദ്ധതി എത്ര പേർ നിർത്തി എന്നോ, എത്ര കിടാരികൾ പ്രസവിച്ചതിന് ശേഷം പദ്ധതിയിൽ നിന്ന് ഒഴിവായി എന്നോ എത്ര പേർ അനുവദിച്ച തീറ്റ വാങ്ങാതിരുന്നെന്നോ അറിയില്ല. ഇവർക്ക് ഗ്രാമപഞ്ചായത്ത് നൽകിയ സബ്സിഡി ഉപയോഗിക്കാത്തത് മൂലം കാഫ് ഫീഡ് പ്രോഗ്രാം ജില്ലാ ഓഫീസറുടെ അക്കൗണ്ടിൽ തുക ഉപയോഗിക്കാതെ കിടപ്പുണ്ട്. കാലാ കാലങ്ങളിൽ പഞ്ചായത്ത് നൽകിയ തുക വിനിയോഗിക്കാത്തതിന്റെ കണക്ക് കൂടി ലഭ്യമാക്കേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതിനാൽ ചെലവഴിച്ച തുക തടസ്സത്തിൽ വെക്കുന്നു.

## 3-14 വിവിധ പദ്ധതികൾ തുക നൽകിയതും ഡെപ്പോസിറ്റ് ചെയ്തതും വിനിയോഗ വിവരങ്ങളില്ല.

2016-17 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾക്കായി വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയെങ്കിലും പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും വിശദമായ വിനിയോഗ വിവരവും പൂർത്തീകരണ വിവരവും ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്റ്റ് / നിർവ്വഹണം | തുക ലഭിച്ച സ്ഥാപനം | തുക | ബിൽ നം | റിമാർക്സ് |
|---|---|---|---|---|---|
| 1. | ഐഎവൈ വിഹിതം (SC) 40/17 അസി സെക്രട്ടറി | ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 100000 | 5/16-17 9.3.17 | എത്ര ഗുണഭോക്താക്കൾ കരാർ വച്ചുവെന്നോ അവരിൽ എത്ര പേർക്ക് തുക നൽകിയെന്നോ ഉള്ള വിശദമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗവിവരമില്ല. ഔദ്യോഗിക രശീതിയില്ല |
| 2 | ഐഎവൈ അധിക വിഹിതം (എസ് സി പി) 158/17 അസി സെക്രട്ടറി | ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 875000 | 7/16-17 9.3.17 | |
| 3 | സാമൂഹ്യ സുരക്ഷാമിഷന് സംഭാവന 3/17 സെക്രട്ടറി | സാമൂഹ്യ സുരക്ഷാ മിഷൻ | 100000 | 20/16-17 21.12.16 | കൈപ്പറ്റ് രശീതിയില്ല വിനിയോഗ വിവരമില്ല |
| 4 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ 152/17 | കെഎസ് ഇബി | 574810 1380141 | 28/16-17 24.117 | കൈപ്പറ്റ് രശീതിയില്ല വിനിയോഗ വിവരമില്ല |

| | | | | | |
|---|---|---|---|---|---|
| | സെക്രട്ടറി | | 1139859<br>3094810 | 30/16-17<br>15.3.17<br>31/16-17<br>15.3.17 | |
| 5 | കുടിവെള്ള പൈപ്പ് നീട്ടൽ 88/17 സെക്രട്ടറി | കേരളാ വാട്ടർ അതോറിറ്റി | 300000<br>150000 | 25/16-17<br>12.1.17<br>ചെക്ക് 1682959<br>18.2.17 | വിനിയോഗ വിവരമില്ല |
| 6 | ഇ.എം.എസ് ലോൺ തിരിച്ചടവ് 5/17 സെക്രട്ടറി | കെ.ഡി.സി ബാങ്ക് വെസ്റ്റ്ഹിൽ | 800000 | 10/16-17<br>24.10.16 | കൈപ്പറ്റ് രശീതിയില്ല |
| | | | 54,19,810 | | |

വിനിയോഗ വിവരത്തിന്റെ അടിസ്ഥാനത്തിൽ 54,19,810 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-15 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - മതിയായ തുക വകയിരുത്തുന്നില്ല.

പ്രൊജക്റ്റ്- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

പ്രൊജക്റ്റ് നം. - 58/17

അടങ്കൽ - 5,00,000 രൂപ (വി.ഫ)

ചെലവ് - 5,00,000 രൂപ (ബിൽ നം. 0183/ dtd21.3.2017)

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് 53 കുട്ടികൾക്കാണ് നൽകിയത്. ഇതിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ 28 ഉം ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ 25 ഉം ആണ്. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് 11,698 രൂപയാണ് ഓരോ കുട്ടിക്കും നൽകിയത്. സ.ഉ (എം എസ്) 4/2016 തസ്വഭവ 11.1.2016 പ്രകാരം ഒരു കുട്ടിക്ക് വിവധ ബത്തകളായി 20,000 രൂപ ഒരു വർഷം നൽകണം. എന്നാൽ 9200 രൂപ മാത്രമാണ് ഒരു കുട്ടിക്ക് നൽകിയത്.

ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് 9298രൂപ , 6898രൂപ , 5699 രൂപ , 4099 രൂപ എന്നിങ്ങനെയാണ് നൽകിയത്. ഇവർക്ക് ശരാശരി (ക്ലാസിനനുസരിച്ച് വ്യത്യാസപ്പെടുന്നു) 10,000 രൂപയെങ്കിലും സ്കോളർഷിപ്പ് നൽകേണ്ടതായിരുന്നു.

പലവിധത്തിലുള്ള അവശതകൾ നേരിടുന്ന ഇവർക്ക് സർക്കാർ അനുവദിച്ച പരമാവധി സഹായം നൽകാതെ പ്രൊജക്റ്റ് തയ്യാറാക്കിയത് ശരിയായ നപടിയല്ല. സമൂഹത്തിലെ ദുർബ്ബലരായ ഇവർക്ക് പരമാവധി സഹായം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2016-17 | 30000 | പുഞ്ചനെൽക്കൃഷിക്ക് വിത്തും കൂലിച്ചെലവും | 30000 | |
| ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 40000 | ഹരിതകേദാരം | 40000 | |
| | | 141370 | ഇടവിളകൃഷി | 141370 | |
| | | 150000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | 150000 |
| | 2016-17 | 207000 | പാലിന് സബ്സിഡി | 207000 | -- |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് നീട്ടൽ 88/17 | 25/16-17 12.1.17<br>ചെക്ക് 1682959 18.2.17 | 300000<br>150000 | -- | |
| കെഎസ്ഇബി | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ 152/17 | 28/16-17 24.117<br>30/16-17 15.3.17<br>31/16-17 15.3.17 | 574810<br>1380141<br>1139859<br>3094810 | | |

## 4-3 വായ്പ-വായ്പതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവനപദ്ധതി | 533/10 /ത.സ്വ.ഭ.വ /18.2.2016 | 2015-16 | 2149150 | 800000 | – | 1349150 |

## 4-4 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1795459 |
| തൻവർഷം നിക്ഷേപിച്ച തുക | 157103 |
| ആകെ | 1952562 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1952562 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| എഫ്.ഡി നമ്പർ 100311807520164 | 1313651 |
| എഫ്.ഡി നമ്പർ 100311807520165 | 638911 |
| ആകെ | 1952562 |

## 4-5 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 20101 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2006-07 | ഖ 2(1) | 3403 (1547+1856) | രേണുക വി, ജെഎസ് (റിട്ട) | 11608101733 27.7.16 |

| | | | | |
|---|---|---|---|---|
| 2014-15, 15-16 | 2-3 | 13520 (8520+5000) | പ്രിൻസിപ്പൽ, ഡോൺ പബ്ലിക്ക് സ്കൂൾ | 11608103297 28.10.16 |
| 2014-15 | 2-3 | 345(250+95) | ദീപു മോഹൻ വിജയലക്ഷ്മി യുപിഎസ് | 11608104775 31.1.17 |
| 2005-06 to 2009-10 AG audit | 2b | 2833 | സിഡിഎസ് ചെയർപേഴ്സൺ | 11608103923 8.12.16 |
| | | 20101 | | |

## 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-2000 | 29 | 2003-04 | 3-11-13-6(2) | പവർ ടില്ലർ കൈമാറിയപ്പോൾ കരാർ വച്ചില്ല |
| 2000-2001 | 9 | 2003-04 | 3-11-13-1(25) | പലഹാര നിർമ്മാണയൂണിറ്റ് പ്രവർത്തിച്ചില്ല |
| 2001-02 | 6 | 2003-04 | 3-11-13-1(26) | അലങ്കാരപ്പച്ചട്ടി നിർമ്മാണ യൂണിറ്റ് പ്രവർത്തിച്ചില്ല |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,76,39,172 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,67,86,479 |
| വരവിനങ്ങളിലുള്ള നഷ്ടം | 1,56,658 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,75,722 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 64,63,957 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-5 | 149081 | | ദീപുരാജു, സെക്രട്ടറി |
| 2-6 | 7577 | | ദീപുരാജു, സെക്രട്ടറി |

| | | | |
|---|---|---|---|
| 3-2 | | 100000 | ഷിബിൻ.കെ.കെ, അസി.സെക്രട്ടറി |
| 3-3 | | 12106 | ദീപുരാജു, സെക്രട്ടറി |
| 3-4 | | 50000 | ഷിബിൻ.കെ.കെ, അസി.സെക്രട്ടറി |
| 3-5 | | 3208 | ഷിബിൻ.കെ.കെ, അസി.സെക്രട്ടറി |
| 3-9 | | 8808 | ദീപുരാജു, സെക്രട്ടറി |
| 3-10 | | 1600 | ഷിബിൻ.കെ.കെ, അസി.സെക്രട്ടറി |
| ആകെ | 156658 | 175722 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 536378 | ശ്രീ.ഷാഹുൽ ഹമീദ്.എ.എം.അസി.എൻജിനീയർ |
| 3-3 | 5000 | ദീപുരാജു, സെക്രട്ടറി |
| 3-6 | 100000 | ദീപുരാജു, സെക്രട്ടറി |
| 3-11 | 215269 | ശ്രീ.ഷാഹുൽ ഹമീദ്.എ.എം. |
| 3-13 | 187500 | ശ്രീ.ഷാഹുൽ ഹമീദ്.എ.എം.,അസി.എൻജിനീയർ |
| 3-14 | 5419810 | ഷിബിൻ.കെ.കെ, അസി.സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷിബിൻ.കെ.കെ, അസി.സെക്രട്ടറി | അസി.സെക്രട്ടറി, ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് | കണ്ണങ്കണ്ടി, നന്മണ്ട പി.ഒ, കോഴിക്കോട് 673613 |
| ദീപുരാജു, സെക്രട്ടറി | സെക്രട്ടറി | തേയ്ക്കാനത്ത് വീട്, കിഴക്കേപ്പുറം, നോർത്ത് പറവൂർ എറണാകുളം |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

,

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.കെ.കെ.ഡി/പി2/1686/11(5) തി.11.11.11 | 1 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി /പി2/1686/11(6) തി.11.11.11 | 1 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി2/1686/11(7) തി.11.11.11 | 3 |
| 2000-01 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി/പി2/1686/11(8) തി.11.11.11 | 6 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി2/1686/11(9) തി.11.11.11 | 6 |
| 2001-02 ( ചെലവ്) | എൽ.എഫ്.കെ.കെ.ഡി/പി2/1686/11(10) തി.11.11.11 | 2 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി2/1686/11(11) തി.11.11.11 | 3 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി2/1686/11(12) തി.11.11.11 | 4 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി2/1686/11(13) തി.11.11.11 | 6 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി2/1634/08 തി.13.01.09 | 12 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി2/1241/09 തി.15.10.09 | 24 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി2/1322/10 തി.20.12.10 | 20 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി2/1322/10 തി.20.12.10 | 40 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി2/1653/11 തി.12.01.12 | 34 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി2/1536/12 തി.10.6.13 | 20 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/പി2/246/13 തി.20.7.13 | 29 |

| | | |
|---|---|---|
| 2011-12,2012-13 | എൽ.എഫ്.കെ.കെ.ഡി/പി 12/2044/14 തി.4.3.15 | 17 |
| 2013-14,2014-15 | കെ.എസ്.എ.കെ.കെ.ഡി | 23 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി.12 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.കെ.ഡി/പി.12.1777/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012
തീയതി- 14.09.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

No.KSA.KKD/P12/1777/2017

Kerala
State Audit Department

District Audit Office, Kozhikode

Phone 0495 2371012

E-mail – dokkd.ksad@kerala.gov.in
Dated 14.09.2017.

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Thalakkulathur Grama Panchayat for the year ended on 31-3-2017 in Kozhikode District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Ayancheri Grama Panchayat for the year 2016-17 except this observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

District Audit Office, Kozhikode.